14
ഡിസംബർ 2025
ഞായർ
1201 വൃശ്ചികം 28

നസ്രാണി നാദം
നിരണം പള്ളി

നിരണം
4 പേജ്

ESTABLISHED A.D 54

Private Circulation Only

Tel: 0469 2711 510 • www.niranamchurch.com niranampally niranamchurch

പരി. മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

വി. മാർത്തോമ്മ ശ്ലീഹായുടെ ഓർമ്മപെരുന്നാൾ

വി. ബഹനാൻ സഹദായുടെ ഓർമ്മപെരുന്നാൾ

ഡിസംബർ 14 മുതൽ 27 വരെ

പ്രധാന പെരുന്നാൾ ദിനം
21, 22 തീയതികളിൽ

- 15 ന് ആഘോഷപൂർവ്വമായ കൊടിയേറ്റ്
- 21 ന് പരുമല പള്ളിയിൽ നിന്നും നിരണം പള്ളിയിലേക്ക് റാസ
- 22 ന് വി. അഞ്ചിന്മേൽ കുർബ്ബാന
  (പരി. കാതോലിക്കാ ബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ)

വാഴ്വ് – വെച്ചൂട്ട് നേർച്ച

MALANKARA ORTHODOX SYRIAN CHURCH
(Catholicate of the East)
DIOCESE OF NIRANAM

Dr Yuhanon Mar Chrysostomos
Metropolitan
Secretary, The Holy Episcopal Synod

Place: Thiruvalla
Date: 05 December 2025

ക്രിസ്തുയേശുവിൽ ഏവർക്കും സ്നേഹ വന്ദനം
പ്രിയരെ,

വി.മാർത്തോമ്മ ശ്ലീഹായാൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ നിരണം വലിയപള്ളിയിൽ കാവൽ പിതാവായ മാർത്തോമ്മ ശ്ലീഹായുടെ ഓർമ്മപെരുന്നാൾ മുൻ പതിവ് പോലെ ആചരിക്കുകയാണല്ലോ. പെരുന്നാളിന്റെ ഭാഗമായി ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷിക്കുന്നു.

ക്രിസ്തുശിഷ്യന്റെ പാദസ്പർശമേറ്റ പുണ്യഭൂമിയിൽ നിന്നുകൊണ്ട് ആ വലിയ പിതാവിനെ സ്മരിക്കുന്നു എന്നത് ഓരോ വിശ്വാസിക്കും ആത്മഹർഷം പകരുന്ന അനുഭവമാണ്. മാർത്തോമ്മ ശ്ലീഹാ സ്ഥാപിച്ച ഏഴരപ്പള്ളികളിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്ന നിരണം പള്ളി, നൂറ്റാണ്ടുകളായി വിശ്വാസത്തിന്റെ കാവൽക്കോട്ടയായി നിലകൊള്ളുന്നു. ശ്ലീഹായുടെ സാന്നിധ്യം കൊണ്ട് വിശുദ്ധീകരിക്കപ്പെട്ട ഈ മണ്ണിലെ ഓരോ തരിയിലും ആദിമ ക്രൈസ്തവ വിശ്വാസത്തിന്റെ ഗന്ധമുണ്ട്.

വിശുദ്ധ തോമാശ്ലീഹായുടെ ജീവിതം നമുക്ക് വലിയൊരു പാഠപുസ്തകമാണ്. "അവനോടുകൂടെ പോയി മരിക്കാം." എന്ന് സഹശിഷ്യരോട് പറഞ്ഞ ആ ധീരതയാണ് ശ്ലീഹായുടെ ആത്മീയ ശക്തിയുടെ അടിസ്ഥാനം. ക്രിസ്തുവിലുള്ള വിശ്വാസത്തിന് വേണ്ടി മരിക്കാൻ പോലും തയ്യാറായ ആ സമർപ്പണമാണ് ഭാരതമെന്ന വലിയ രാജ്യത്തേക്ക് കടന്നുവരാൻ അദ്ദേഹത്തിന് കരുത്തായത്. സംശയത്തിന്റെ നിഴലിൽ നിന്ന്, "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന എക്കാലത്തെയും വലിയ വിശ്വാസ പ്രഖ്യാപനത്തിലേക്ക് അദ്ദേഹം വളർന്നു. കാണാതെ വിശ്വസിക്കുന്നവർക്ക് അദ്ദേഹം മാതൃകയായി. പ്രതികൂല സാഹചര്യങ്ങളെ വകവെക്കാതെ, ഭാഷയും സംസ്കാരവും അപരിചിതമായ ഒരു ദേശത്ത് വന്ന് സ്നേഹത്തിന്റെയും സേവനത്തിന്റെയും സന്ദേശം പ്രചരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചത് പരിശുദ്ധാത്മാവിന്റെ വലിയ ശക്തി ഒന്നുകൊണ്ട് മാത്രമാണ്.

ഈ പെരുന്നാൾ വേളയിൽ ശ്ലീഹാ പകർന്നുനൽകിയ ആത്മീയ ചൈതന്യം നമുക്കും ഏറ്റുവാങ്ങാം. "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് ഏറ്റുചൊല്ലിക്കൊണ്ട്, ജീവിതത്തിലെ പ്രതിസന്ധികളിൽ പതറാത്ത വിശ്വാസവുമായി മുന്നോട്ടുപോകാൻ വിശുദ്ധന്റെ മധ്യസ്ഥത നമുക്ക് കരുത്തേകട്ടെ.

എല്ലാ ആശംസകളും നേരുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടെ

യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്ത

Bethany Aramana, Thiruvalla
Ph 0469-2721357, 9447045543
Email:dioceseofniranam@gmail.com,yuhanonmarchrysostomos@gmail.com
www.dioceseofniranm.org

NIRANAM FEST 2025
നിരണം ഫെസ്റ്റ് 2025
Organised by:
St. Mary's Orthodox Educational & Charitable Society
നിരണം സെന്റ് മേരീസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ
ഡിസംബർ 19 മുതൽ 28 വരെ വിനോദ വിജ്ഞാന പരിപാടികൾ, കലാസന്ധ്യകൾ, വാണിജ്യസ്റ്റാളുകൾ, കാർഷികഗ്രാമോൽപന്ന സ്റ്റാളുകൾ വിവിധ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക നേതാക്കളെ ആദരിക്കുന്നു.

ആശംസകളോടെ..
പുത്തൻവീട്ടിൽ ഗ്രൂപ്പ് കടപ്ര

നിങ്ങളുടെ ആരോഗ്യകരമായ ജീവിതത്തിന് വിശ്വസ്തമായ കരുതൽ
All Medicines | Insulin | Senior Care | Surgical Care | Home Care
All Lab Test | Health Checkups | Physician Consultation
Free Home Delivery / Home Collection ഉൽപന്നങ്ങൾ എല്ലാം ന്യായമായ വിലയ്ക്ക്
9496 18 1956
Puthenveettil Bldg, Near SBI ATM, Kadapra
Puthenveettil Health Plus
SeraPath Labs

ആശംസാസന്ദേശം

കർത്താവിൽ പ്രിയരെ,

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതവും മാർത്തോമ്മൻ പൈതൃകം കുടികൊള്ളുന്നതുമായ മലങ്കരയുടെ തലപ്പള്ളിയായ നിരണം പള്ളിയിൽ പരി. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ ഭക്തിപുരസ്സരം കൊണ്ടാടുകയാണല്ലോ. നമ്മുടെ കർത്താവിന്റെ മഹത്തായ പുനരുത്ഥാനത്തിനു ശേഷം, കർത്താവിന്റെ തിരുമുറിവുകളിൽ സ്പർശിച്ച മാർത്തോമ്മാ ശ്ലീഹാ നടത്തിയ വിശ്വാസ പ്രഖ്യാപനം ഏറെ ശ്രേഷ്ഠമാണ്. 'എന്റെ കർത്താവുമേ എന്റെ ദൈവവുമേ' എന്ന മഹത്തായ സാക്ഷ്യം അടിവര യിടുന്നത്. ഉത്ഥിതനായ ക്രിസ്തുമാത്രമാണ് യഥാർത്ഥ ദൈവം എന്ന പരമമായ യാഥാർത്ഥ്യ മാണ്. കേവലം സംശയംകൊണ്ടു മാത്രമല്ല, കർത്താവിന്റെ തിരുമുറിവുകളിൽ നിന്ന് തന്റെ സുവിശേഷ പ്രഘോഷണം കണ്ടെത്തുവാനാണ് മാർത്തോമ്മാശ്ലീഹാ ശ്രമിച്ചതെന്ന് സുറിയാനി സഭാ പിതാവായ സെറുഗിലെ മാർ യാക്കോബും തന്റെ ലെത്രായിൽ പരാമർശിച്ചിട്ടുണ്ട്. ആ തിരുമുറിവുകൾ ശ്ലീഹായെ ഉൾകണ്ണുകളുടെ തുറവിയിലേയും, ഉത്ഥാനം പകർന്നു നൽകിയ പുതുമയിലേക്കും ആനയിച്ചു. 'അവനോട് കൂടെ മരിക്കേണ്ടതിന് നമുക്കും പോക' എന്ന വിശ്വാസപ്രഖ്യാപനം വാക്കുകളിൽ മാത്രം ഒതുക്കി നിർത്താതെ, യാതൊരു പരിചയുമില്ലാത്ത ഭാരതത്തിലേക്കും കടന്നു വന്ന് തന്റെ അരുമനാഥനായ ക്രിസ്തുവിന്റെ സുവിശേഷം പകർന്നു.

ഇത് നിഷ്യാവിശ്വാസപ്രമാണത്തിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ അതോടൊപ്പം ചേർത്തു ചിന്തിക്കേണ്ടതാണ്. മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം പൊന്തിയോസ് പീലാത്തോസിന്റെ കാലത്ത് കഷ്ടത അനുഭവിച്ചു മരിച്ചു അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ പ്രതി അദ്ദേഹം രക്തസാക്ഷിത്വം പ്രാപിക്കുന്നു. അതിനാൽ ശ്ലീഹായുടെ ഓർമ്മ ക്രിസ്തുവിനുവേണ്ടി ജീവിക്കുവാനും, ക്രിസ്തുവിശ്വാസത്തെ ഏറ്റു പറയുവാനും, ക്രിസ്തുവിനു വേണ്ടി മരിക്കുവാനുമുള്ള ആഹ്വാനമാണ് നമുക്കു നൽകുന്നത്.

അതിനാൽ ഈ വർഷത്തെ പെരുന്നാൾ ആചരണം ഏറ്റം അനുഗ്രഹമാകട്ടെ. 2025 ഡിസംബർ 12 മുതൽ 27 വരെയുള്ള പെരുന്നാൾ ചടങ്ങുകളിലും, മാർത്തോമ്മൻ സൊസൈറ്റിയുടെ 'നിരണം ഫെസ്റ്റ്' എന്ന പ്രദർശനത്തിന്റെ എല്ലാ പരിപാടികളിലേക്കും നിങ്ങളെ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

എന്ന് വികാരി
ഫാ. ഷിബു തോമസ് ആമ്പല്ലൂർ

നിയോഗങ്ങളെ സ്നേഹിച്ചവൻ

ക്രിസ്തുവിന്റെ സുവിശേഷം മറ്റുള്ളവരിലേക്ക് പകരുക എന്നതാണ് ഒരു ക്രിസ്ത്യാനിയുടെ ദൗത്യം. അത് ഒരു വിശ്വാസി തന്റെ വാക്കുകൾ കൊണ്ട് മാത്രമല്ല, കർമ്മം കൊണ്ടും നിർവഹിക്കേണ്ടുന്ന ഒന്നാണ്. പെന്തക്കോസ്തി നാളിൽ അഗ്നി നാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചതിന് ശേഷം, യൂദാ ഇസ്കര്യോത്തയ്ക്ക് പകരം തിരഞ്ഞെടുക്കപ്പെട്ട മത്ഥ്യാസ് ശ്ലീഹാ ഉൾപ്പടെയുള്ള കർത്താവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാർ തന്നെ ഈ നിയോഗത്തിന് തുടക്കം കുറിച്ചു. പിന്നീട് പൗലോസ് ശ്ലീഹായും അപ്പോസ്തോലന്മാരുടെ ശിഷ്യന്മാരുമൊക്കെ ഈ നിയോഗത്തിനായി വിളിച്ചു ചേർക്കപ്പെട്ടു. ഇതിൽ തോമാ ശ്ലീഹായ്ക്ക് ലഭിച്ച നിയോഗം അല്പം വ്യത്യസ്തമായിരുന്നു; റോമൻ സാമ്രാജ്യത്തിനുള്ളിൽ തന്നെ സുവിശേഷ പ്രവർത്തനം അതി കഠിനമായിരിക്കെ, റോമൻ സാമ്രാജ്യത്തിന് പുറത്ത് പോയി സുവിശേഷം അറിയിക്കുക എന്നതായിരുന്നു.

റോമൻ സാമ്രാജ്യത്തിനുള്ളിൽ പല രാജ്യങ്ങളുണ്ട്, വിഭിന്നമായ മതങ്ങളും, സംസ്കാരങ്ങളും, ഭാഷകളുമൊക്കെ നിലനിൽക്കുന്നുണ്ടെങ്കിൽ പോലും, സുവിശേഷീകരണത്തിന് സഹായകമായ ചില സംഗതികൾ അവിടെ ഉണ്ടായിരുന്നു. ഇന്ന് ഇംഗ്ലീഷ് ഒരു ആഗോളഭാഷ ആയിരിക്കുന്നതു പോലെ, റോമൻ സാമ്രാജ്യത്തിൽ യവന (ഗ്രീക്ക്) ഭാഷ ഒരു പൊതു ഭാഷയായി നിലനിന്നിരുന്നു. സാമ്രാജ്യത്തിന്റെ മിക്ക ഇടങ്ങളിലും ചെന്നെത്താവുന്ന തരത്തിൽ പാതകൾ നിർമ്മിക്കപ്പെട്ടിരുന്നു, കടൽ മാർഗ്ഗം എത്തേണ്ട സ്ഥലങ്ങളിലേക്ക് അതിനുള്ള സാധ്യതകളും ഉണ്ടായിരുന്നു. പൗലോസ് ശ്ലീഹായെ പോലെ ഉള്ളവർക്ക്, വിഭിന്നമെങ്കിലും ഈ സംസ്കാരങ്ങളെക്കുറിച്ച് മുൻപരിചയം ഉണ്ടായിരുന്നു. അതിനാൽ തന്നെ നാടുവാഴികളുടെയും, പുരാതന മതമേധാവികളുടെയും എതിർപ്പും പീഡനങ്ങളും ഒഴിച്ചാൽ സുവിശേഷീകരണത്തിന് അനുകൂല സാഹചര്യമായിരുന്നു റോമൻ സാമ്രാജ്യത്തിൽ.

എന്നാൽ റോമൻ സാമ്രാജ്യത്തിന് പുറത്ത് നിയോഗം ലഭിച്ച തോമാശ്ലീഹായെ സംബന്ധിച്ചിടത്തോളം, സാഹചര്യങ്ങളെല്ലാം പ്രതികൂലമായിരുന്നു; ഒരു തരത്തിലുമുള്ള മുൻ പരിചയവും ഇല്ലാത്ത രാജ്യങ്ങൾ, മതങ്ങൾ, സംസ്കാരങ്ങൾ, ഭാഷകൾ, ക്ലേശകരമായ യാത്രകൾ എന്നിവ. മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട 'തോമായുടെ നടപടികൾ' എന്ന അപ്പോക്രിഫൽ ഗ്രന്ഥപ്രകാരം കർത്താവ് തന്നെ നേരിട്ട് പ്രത്യക്ഷപ്പെട്ട്, ഈ നിയോഗം നിർബന്ധപൂർവ്വം തോമാശ്ലീഹായെ ഏല്പിക്കുകയാണ് ഉണ്ടായത്. ക്ലേശങ്ങൾ മുന്നിൽ കണ്ട് ശ്ലീഹാ ആദ്യം ഇത് നിരസിച്ചു എങ്കിലും, പിന്നീട് ഈ ദൈവനിയോഗത്തെ ശ്ലീഹാ സ്വീകരിച്ചു, അതിനെ സ്നേഹിച്ചു. ഭാരതത്തിലും, പേർഷ്യയിലും, ചൈനയിലുമൊക്കെ ആ നിയോഗവുമായി ചെന്നെത്തി, കർത്താവ് സുവിശേഷത്തിന്റെ വിത്തുകൾ പാകി. ഒരുപക്ഷെ ക്രൈസ്തവമതം പ്രബലപ്പെട്ട റോമൻ സാമ്രാജ്യത്തിന് പുറത്ത് പ്രവർത്തിച്ചതുകൊണ്ടാവണം, സുവിശേഷങ്ങൾക്ക് ശേഷമുള്ള, വിശുദ്ധ ഗ്രന്ഥത്തിലെ പുസ്തകങ്ങളിലാകട്ടെ, മറ്റ് അംഗീകരിക്കപ്പെട്ട ഗ്രന്ഥങ്ങളിലാകട്ടെ ശ്ലീഹായുടെ പേര് പരാമർശിക്കപ്പെടാതെ പോയത്. എങ്കിലും തന്നെ ഏൽപ്പിച്ച നിയോഗം അത്യധികം ഭംഗിയായി, സ്നേഹത്തോടെ നിറവേറ്റി എന്ന ചാരിതാർത്ഥ്യം ശ്ലീഹായ്ക്ക് ഉണ്ടായിരുന്നിരിക്കണം.

മാർത്തോമ്മാശ്ലീഹായുടെ മക്കൾ എന്ന് അഭിമാനത്തോടെ പറയുന്ന നമുക്ക്, ശ്ലീഹാ തന്റെ ജീവിതം വഴി കാണിച്ച് തരുന്ന ചില പാഠങ്ങളുണ്ട്. നമുക്ക് ഏൽപ്പിക്കപ്പെട്ട നിയോഗങ്ങളൊക്കെയും ദൈവീക നിയോഗങ്ങളാണ്. ചിലർക്ക് സഭയിൽ പ്രവർത്തിപ്പാൻ, ചിലർക്ക് സമൂഹത്തിൽ, ചിലർക്ക് വൈദ്യശാസ്ത്രമേഖലയിൽ, ചിലർക്ക് അദ്ധ്യാപന മേഖല, മറ്റുചിലർക്ക് നിയമ മേഖല അങ്ങനെ പല കർമ്മമേഖലകളിൽ പ്രവർത്തിപ്പാൻ ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നു. ചിലരുടെ നിയോഗം ശ്ലീഹായ്ക്ക് ഏല്പിക്കപ്പെട്ടത് പോലെ വ്യത്യസ്തമായിരിക്കും. അത് ചിലപ്പോൾ വൃദ്ധരെ ശുശ്രൂഷിക്കുവാൻ ആയിരിക്കാം, രോഗികളെ പരിപാലിക്കുവാൻ ആകാം, കുടുംബ കാര്യങ്ങൾ നടപടി ആയി കൊണ്ടു പോകുവാൻ ആകാം, ചെറുമേഖലകളിൽ ചെറിയ പ്രവർത്തനമായിട്ട് ഒതുങ്ങുവാൻ നിയോഗത്തിലാക്കപ്പെട്ടവരുണ്ട്, അതീവ കഷ്ടതകളിൽ ജീവിപ്പാൻ നിയോഗിക്കപ്പെട്ടവരുമൊക്കെ ഉണ്ട്. അങ്ങനെ ഉള്ളവർക്ക് 'ഒച്ചപ്പെട്ടതെന്ന്' സമൂഹം വിളിക്കുന്ന ജീവിതം നയിക്കുന്നവരെ കാണുമ്പോൾ, തങ്ങളുടെ ജീവിതം പരിതാപകരം എന്ന് തോന്നാം. അവിടെ ശ്ലീഹായുടെ ജീവിതം നമുക്ക് ആശ്വാസമാകണം. അംഗീകൃത സമൂഹത്തിന് അപ്പുറം കൂടുതൽ ക്ലേശങ്ങൾ വഹിപ്പാൻ നിയോഗിക്കപ്പെട്ടതിനെ ശ്ലീഹാ സ്നേഹിച്ചു. നമുക്ക് ഏൽപിക്കപ്പെട്ട നിയോഗം ഏതുമാകട്ടെ, ദൈവം നമ്മെ ഏൽപിച്ചു എന്ന ബോധ്യത്തിൽ, മനുഷ്യർക്കെന്നതിന് ഉപരിയായി, ദൈവത്തിന് ചെയ്യുന്നു എന്ന ബോധ്യത്തിൽ സ്നേഹത്തോടെ ചെയ്യുവാനും, അതിനെ പൂർത്തീകരിപ്പാനും നമുക്ക് സാധിക്കണം. അങ്ങനെ നാമും സുവിശേഷ ദൗത്യത്തിന് ഭാഗമായിത്തീരുന്നു.

'നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്വിൻ' (1 കൊരി 16:14)

ശ്ലീഹായുടെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയും ആയിരിക്കട്ടെ.

ഫാ. ജിതിൻ അലക്സ് മണപ്പുറത്ത്
സഹവികാരി

പെരുന്നാൾ ദിനങ്ങളിലെ പരിപാടികൾ

2025 ഡിസംബർ 12 വെള്ളി

8.00 am : അഖണ്ഡ പ്രാർത്ഥന
(അദ്ധ്യാത്മിക സംഘടനകളുടെ നേതൃത്വത്തിൽ)

2025 ഡിസംബർ 13 ശനി

6.30 am : പ്രഭാത നമസ്കാരം വി. കുർബ്ബാന

2025 ഡിസംബർ 14 ഞായർ

6.30 am : പ്രഭാത നമസ്കാരം വി. കുർബ്ബാന
റവ.ഫാ.ജോർജ്ജ് പനയ്ക്കാമറ്റം
ചെമ്പെടുപ്പ് (പന്നായിപാലത്തിന് സമീപമുള്ള തച്ചേരി ഭവനത്തിൽ നിന്ന് ആരംഭിച്ച് വിവിധ ചാപ്പലുകൾ, പ്രാർത്ഥനായോഗങ്ങൾ വഴി പള്ളിയിലേക്ക് വാഹന അകമ്പടിയോടുകൂടി)

2025 ഡിസംബർ 15 തിങ്കൾ

3.30 pm : തോമത്ത് കടവിൽ നിന്നും വാഹന അകമ്പടിയോടെ കൊടിഘോഷയാത്ര

5.00 pm : കൊടിയേറ്റ്
അഭി.ഡോ.യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത
(നിരണം ഭദ്രാസന മെത്രാപ്പോലീത്ത)
: **റമ്പാൻ പാട്ട് സുറത്ത രൂപം**

അവതരണം : സൺഡേസ്കൂൾ വിദ്യാർത്ഥികൾ

2025 ഡിസംബർ 16 ചൊവ്വ

3.30 pm : സെന്റ് ജോസഫ് യൂണിറ്റ് ഉദ്ഘാടനം – സമ്മേളനം

05.30 pm : സന്ധ്യാനമസ്ക്കാരം **"പരിശുദ്ധ അമ്മയുടെ നടയിൽ"** (വി.ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന)

2025 ഡിസംബർ 17 ബുധൻ

6.30 am : പ്രഭാത നമസ്കാരം വി. കുർബ്ബാന
റവ.ഫാ. അലക്സാണ്ടർ ഏബ്രഹാം
(നിരണം ഭദ്രാസന സെക്രട്ടറി)

10.00 am : സുവിശേഷ സംഘം ഭദ്രാസന സമ്മേളനം / അനുഗ്രഹ സംഗമം

അദ്ധ്യക്ഷൻ : അഭി.ഡോ.യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത
(നിരണം ഭദ്രാസന മെത്രാപ്പോലീത്ത)

ധ്യാനം : നയിക്കുന്നത്
റവ.ഫാ. ചെറിയാൻ ജേക്കബ്
(വികാരി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി, കുറുപ്പുഴ)

6.30 pm : ക്രിസ്ത്യൻ സംഗീതനിശ / ഗാനമേള
(J&Brothers, Vayalath)

2025 ഡിസംബർ 18 വ്യാഴം

3.00 pm : നിരണം ഭദ്രാസന വൈദിക സമ്മേളനം

അദ്ധ്യക്ഷൻ : അഭി.ഡോ.യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത
(നിരണം ഭദ്രാസന മെത്രാപ്പോലീത്ത)

2025 ഡിസംബർ 19 വെള്ളി

6.30 am : പ്രഭാത നമസ്കാരം വി. കുർബ്ബാന
റവ.ഫാ. കുരുവിള മാത്യു വെങ്ങാഴിയിൽ
(വികാരി, സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി, വേങ്ങൽ)

9.00 am : മർത്തമറിയം സമാജം ഭദ്രാസന സമ്മേളനം

അദ്ധ്യക്ഷൻ : അഭി.ഡോ.യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത

ക്ലാസ് നയിക്കുന്നത് : ശ്രീമതി അനില എൽസ തോമസ്
(അദ്ധ്യാപിക, ലയോള സ്കൂൾ, TVM)

06.30 pm : **സംഗീത സന്ധ്യ ഫാ.ഡോ സുബഹോ**
ഡോ. എം.പി. ജോർജ് കോർഎപ്പിസ്കോപ്പ
(School of Liturgical Music, Kottayam)

2025 ഡിസംബർ 20 ശനി

6.30 am : പ്രഭാത നമസ്കാരം വി. കുർബ്ബാന
റവ. ഫാ. ഷിബു റ്റോം വർഗീസ്
(Asst. PRO, Malankara Orthodox Sabha)

9.00 am : **The Cross & The Bible**
(ലോകത്തിലെ വിവിധ സഭ പാരമ്പര്യത്തിലുള്ള കുരിശ്ശുകൾ, ബൈബിളുകൾ എന്നിവയുടെ പ്രദർശനം)
നസ്രാണി പലഹാര മേള (മർത്തമറിയം സമാജം സംഘടിപ്പിക്കുന്നത്)

6.15 pm : പിതൃസ്മൃതി

2025 ഡിസംബർ 21 ഞായർ

6.30 am : പ്രഭാത നമസ്കാരം വി. കുർബ്ബാന
അഭി.ഡോ.യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത
(നിരണം ഭദ്രാസന മെത്രാപ്പോലീത്ത)

5.30 pm : **ഭക്തിനിർഭരമായ പ്രദക്ഷിണം**
(പരുമല പള്ളിയിൽ നിന്നും)
വാഴ്വ്

2025 ഡിസംബർ 22 തിങ്കൾ

6.30 am : പ്രഭാത നമസ്കാരം

7.30 am : വി. അഞ്ചിന്മേൽ കുർബ്ബാന
പരി. മോറോൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവ
പ്രദക്ഷിണം, ശ്ലൈഹിക വാഴ്വ്, വെച്ചൂട്ട്

2025 ഡിസംബർ 25 വ്യാഴം – യെൽദൊ പെരുന്നാൾ

3.00 am : രാത്രി നമസ്ക്കാരം
തീജ്വാല ശുശ്രൂഷ വി. കുർബ്ബാന

6.00 pm : **ശിശിരരാവ്** (MGOCSM)

2025 ഡിസംബർ 26 വെള്ളി

6.30 am : പ്രഭാത നമസ്കാരം വി. കുർബ്ബാന
വിശുദ്ധ ദൈവമാതാവിന്റെ പുകഴ്ച പെരുന്നാൾ
റവ.ഫാ. ബിനു ജോർജ്ജ്
(വികാരി, സെന്റ് മേരീസ് മഹാഇടവക, പാലക്കാട്)

5.00 pm : സന്ധ്യാനമസ്ക്കാരം
പ്രദക്ഷിണം
(ഇലഞ്ഞിക്കൽ ചാപ്പലിൽ നിന്നും)

2025 ഡിസംബർ 27 ശനി

6.30 am : പ്രഭാത നമസ്കാരം

7.30 am : വി. മൂന്നിന്മേൽ കുർബ്ബാന
വന്ദ്യ ഗീവർഗ്ഗീസ് റമ്പാൻ
(സീയോൻ സെമിനാരി, കൊരട്ടി)
പ്രദക്ഷിണം, നേർച്ചവിളമ്പ്

11.00 am : കൊടിയിറക്ക്

OSTHATHIOS LIVE MEDIA
Live Telecast
15,16,17
19,21,22
ദിവസങ്ങളിൽ

നിരണം പള്ളിയും മാർത്തോമ്മാശ്ലീഹായും

ധാരാളം "നീർ " ഉള്ള മണ്ണ്- നീർമണ്ണ്, നിരണം യുദ്ധമില്ലാത്ത സ്ഥലം നിരണം (രക്തച്ചൊരിച്ചിൽ ഇല്ലാത്ത മണ്ണ്), "അവനിയിൽ നന്മചേർ" നിരണം എന്ന് കണ്ണശ്ശ കവികളിലൊരാളായ രാമപ്പണിക്കരുടെ വരികളിൽ പ്രകീർത്തിക്കപ്പെട്ട നിരണം , "വാനുലകിനു സമമാകിയ നിരണം മഹാദേശ" മെന്ന് വാഴ്ത്തിപ്പാടിയ നിരണത്തിന് മഹത്തായ ഒരു പാരമ്പര്യമുണ്ട്. ഒരു കാലത്ത് വ്യാവസായികമായും വിദ്യാഭ്യാസപരമായും നിരണം പേരും പെരുമയും ആർജ്ജിച്ചിരുന്നതായി വിദേശികളായ പെരിപ്ലസ്, ടോളമി, പ്ലിനി എന്നിവരുടെ സഞ്ചാരരേഖകളിൽ കാണാം.

ക്രിസ്താബ്ദം 52 ൽ നിരണം വടക്കുഭാഗത്തുള്ള കോട്ടച്ചാലിന്റെ തെക്കേക്കരയിൽ ക്രിസ്തു ശിഷ്യനായ സെന്റ് തോമസ് വന്നിറങ്ങി. തോമസ് എന്ന സന്യാസിയുടെ വരവിന്റെ സ്മരണ നിലനിർത്താനായി പ്രസ്തുത കടവിനെ "തോമാ എത്തി"യ കടവ് എന്നർത്ഥമുള്ള തോമത്ത് കടവ് എന്ന പേരിൽ വിളിച്ചു പോരുന്നു. "തോമത്ത്" എന്ന പേരിൽ ഭവനങ്ങൾ ഇപ്പോഴും ആ ഭാഗത്തു്. തോമാശ്ലീഹായുടെ ആഗമനത്തിനു ശേഷം ആ ഭാഗത്തു വന്ന ഒരു ഇസ്ലാം മതാചാര്യനായിരുന്ന മാലിക് ദിനാർ, അദ്ദേഹം മതസൗഹാർദ്ദത്തിന്റെ പ്രതീകമായി. ഒരു ഹൈന്ദവക്ഷേത്രത്തിന് അഭിമുഖമായി നിരണം ശാല (ചാലിയ്ക്ക് വടക്കായി ഒരു മുസ്ലീം പള്ളി) സ്ഥാപിച്ചിരുന്നു.

ഭാരത ക്രൈസ്തവ സമൂഹത്തിന്റെ സ്ഥാപകനും കാവൽപിതാവുമാണ് വി. മാർത്തോമ്മാശ്ലീഹാ. നിരണം പള്ളി മലങ്കര ഓർത്തഡോക്സ് സഭയുടെ ഏറ്റവും വലിയ അഭിമാനവും പൈതൃകവുമാണ്. കൂടാതെ നിരണം പള്ളിയുടെ മക്കൾ എന്നും സഭയോടും പിതാക്കന്മാരോടും ഹൃദയം നിറഞ്ഞ കൂറും ഭക്തിയും ആണ് പ്രകടിപ്പിക്കുന്നത്. സഭയുടെ പല ചരിത്ര നിമിഷങ്ങൾക്കും നിരണം പള്ളി വേദിയായിട്ടുണ്ട്. മലങ്കരസഭയുടെ യശസ്സിന് കോട്ടം വരുന്ന സന്ദർഭങ്ങളിൽ അതിനെതിരെ പൊരുതുവാൻ ചങ്കൂറ്റംകാണിച്ച മട്ടയ്ക്കൽ അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനി തുടങ്ങി അനേക വൈദീക ശ്രേഷ്ഠർ, സാമൂഹിക രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ ഈ ഇടവകാംഗങ്ങളായിട്ടുണ്ട്.

വി. ദൈവമാതാവിന്റെ നാമത്തിൽ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിച്ച ഈ ദേവാലയം നാനാജാതി മതസ്ഥർക്ക് അഭയ കേന്ദ്രമാണ്. ഇവിടെ കൊണ്ടാടുന്ന എട്ട് നോമ്പ്, മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾ, മാർ ബഹനാൻ സഹദായുടെ ഓർമ്മപ്പെരുന്നാൾ, കൽക്കുരിശിലെ തിരി തെളിയിക്കൽ, എല്ലാ മാസത്തെയും അവസാന ബുധനാഴ്ചകളിലെ അനുഗ്രഹസംഗമം, എല്ലാ ചൊവ്വാഴ്ചകളിലും സന്ധ്യാനമസ്ക്കാരത്തോടൊപ്പം നടത്തുന്ന മാതാവിന്റെ മദ്ധ്യസ്ഥപ്രാർത്ഥന, തോമത്ത് കടവിൽ വച്ച് നടത്തുന്ന പ്രാർത്ഥനാസംഗമം എന്നിവയിൽ സംബന്ധിച്ച് ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചവർക്ക് അനുഗ്രഹങ്ങളും ഉദ്ദിഷ്ടകാര്യസാദ്ധ്യമായിട്ടുള്ളതായി അനേകർ സാക്ഷിക്കുന്നു.

ആധുനിക യുഗത്തിന്റെ മാസ്മരികതിയിൽപെടാതെ നിരണം പള്ളിയുടെ യശസ്സിന് കോട്ടം വരാതെ വി.മാർത്തോമ്മാശ്ലീഹായുടെയും, വി.കന്യകമറിയാമിന്റെയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് ക്രിസ്തുമതവിന്റെ ഉപദേശങ്ങൾ പ്രാവർത്തികമാക്കി ജീവിക്കുവാൻ ഈ പെരുന്നാളിൽ കൂടി നാം ഏവർക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നിരണം പള്ളി ട്രസ്റ്റി
മോഹൻ ജോർജ്ജ് മട്ടയ്ക്കൽ

നിരണം പള്ളിയിലെ വലിയ മണി വേമ്പനാട്ട് കായലിൽ



ഈ ചരിത്രം ഇപ്പോഴത്തെ മണിയുടേതല്ല. നമുക്ക് നഷ്ട്ടപ്പെട്ട ഒരു മണിയെപ്പറ്റിയാണ്. 1259ൽ പണി കഴിപ്പിച്ച മൂന്നാമത്തെ പള്ളിസ്ഥാനവും ഘടനയും മാറ്റാതെ പോർച്ചുഗീസ് ഭരണകാലത്തു പുതുക്കി പണിയാൻ തുടങ്ങി.

വളരെ വിശേഷമായ ലോഹങ്ങൾ കൊണ്ട് വാർത്തു ഉണ്ടാക്കിയതാണ് ഈ മണി. 35 തുലാം (1 തുലാം = 21 KG) തൂക്കവും വെള്ളോടിൽ നിർമിച്ചതുമായ ഒരു വലിയ മാണി സ്ഥാപിക്കപ്പെട്ടു. ഇതിന്റെ ശബ്ദവ്യാപ്തി 10 മൈൽ ചുറ്റളവിൽ കേട്ടിരുന്നതായി പറയപ്പെടുന്നു. വളരെ വിശേഷ ദിവസങ്ങളിൽ മാത്രം അടിച്ചിരുന്ന ഈ മണിയുടെ സവിശേഷമായ ശബ്ദം കർണാനന്ദസുന്ദരമായിരുന്നു.

പോർച്ചുഗീസ്കാരുടെ വരവിനു ശേഷം അവർ നല്കിയതാകാം ഈ മണി എന്ന നിഗമനത്തിൽ എത്താൻ കാരണം ഇതേ പോലെ വളരെ വിശിഷ്ടമായ ഒരു മണി ഉദയംപേരൂർ പള്ളിയിൽ ഉണ്ടായിരുന്നു. എ ഡി 510ൽ പണിത ഉദയംപേരൂർ പള്ളിയിൽ 1599 ജൂൺ 20 ന് നടന്ന സുന്നഹദോസിനു ശേഷമാണ് ഈ മണി പോർച്ചുഗീസുകൾ നൽകുന്നത്. ഇതേ കാലഘട്ടത്തിൽ തന്നെയാണ് പോർച്ചുഗീസുകാർ നിരണത്തു വരുന്നതും പള്ളി പുതുക്കി പണിയുന്നതും. അപ്പോൾ സ്വാഭാവികമായിട്ടും ഈ മണിയും മറ്റു സാധനങ്ങളോടൊപ്പം പോർച്ചുഗീസുകാർ നല്കിയിരിക്കാം എന്ന് വിശ്വസിക്കുന്നതിൽ തെറ്റില്ല.

വളരെ വിലപ്പെട്ടതായിരുന്നു ഈ മണി. ഇത്രയധികം വിലയുള്ളത് കൊണ്ടാണ് തച്ചിൽ മാത്തു തരകൻ ഈ മണി കണ്ടുകെട്ടിയതു ആറാം മാർത്തോമ്മയായിരുന്ന വലിയ മാർ ദിവന്ന്യാസിയോസിന് 1790ആം ആണ്ടിനോടടുത്തു 25000 രൂപ അടക്കണം എന്ന് പറഞ്ഞു ഒരു കേസ് നിലവിൽ വന്നു. 1758 മുതൽ 1798 വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന തിരുവിതാംകൂർ രാജകുടുംബത്തിലെ കാർത്തിക തിരുനാൾ രാമ വർമ്മ രാജയുടെ സുഹൃത്തും സഹായിയായിരുന്ന മാത്തു തരകൻ ജപ്തി നടപടികളുമായി നിരണം പള്ളിയുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനു മുൻപോട്ട് വന്നത്. യഥാർത്ഥത്തിൽ ഈ കേസ് കെട്ടിച്ചമച്ചതും അതിൻറെ പിന്നിൽ പ്രവർത്തിച്ചത് സർക്കാർ ഉദ്യോഗസ്ഥരായിരുന്നു.

ഈ വലിയ തുക നിശ്ചിത തീയതിക്കുള്ളിൽ അടയ്ക്കാൻ പറ്റാത്തതിനാൽ നിരണം പള്ളിയുടെ വസ്തു വകകളും വലിയ മണിയുൾപ്പെടെ മറ്റ് ജംഗമ വസ്തുക്കളും, വലിയ മാർ ദിവന്ന്യാസിയസിന്റെ സ്ളീബായും കണ്ടുകെട്ടി.

കണ്ടു കെട്ടിയ ജംഗമ വസ്തുക്കളിൽ നിരണം പള്ളിയുടെ വലിയ മണിയും ഉൾപ്പെട്ടിരുന്നു. ഈ മണി തിരുവനന്തപുരത്തിന് കൊണ്ടുപോയി കിഴക്കേ കോട്ടവാതുക്കൽ കെട്ടി തൂക്കി. അവിടെ ഈ മണി സ്ഥാപിച്ചതുമുതൽ വളരെ അനർത്ഥങ്ങൾ ഉണ്ടാകുകയും പ്രശ്നവശാൽ ഏതോ ദേവീ കോപം ഉള്ളതായും, ആയതു, ഈ മണി മൂലമാണെന്ന കാരണത്താൽ അത് ഉപേക്ഷിക്കാൻ തീരുമാനിച്ചു. ഇതിനു ശേഷം ചില അനിഷ്ട സംഭവങ്ങൾ ഉണ്ടാകുകയും പ്രശ്നവശാൽ ഇതിനു കാരണം മാതാവിന്റെ നാമത്തിലുള്ള ദേവാലയത്തിൽ നിന്നും കൊണ്ട് വന്ന വലിയ മണിയാണെന്ന് കാണുകയാൽ ഈ മണി അഴിച്ചു വേമ്പനാട്ടു കായലിൽ താഴ്ത്തിക്കളഞ്ഞു.

അങ്ങനെ നിരണം പള്ളിയിലെ അമൂല്യമായ നഷ്ട വസ്തുക്കളുടെ കൂട്ടത്തിൽ ഈ മണിയും സ്ഥാനം പിടിച്ചു.

തോമസ് ഫിലിപ്പ്, വിഴലിൽ



ഭരണസമിതി അംഗങ്ങൾ 2025-26

ഫാ. ബിജു തോമസ് ആനമല്ലൂർ (വികാരി)

ഫാ. ജിതിൻ അലക്സ് (സഹ വികാരി)

മോഹൻ എം. ജോർജ് മട്ടയ്ക്കൽ (ട്രസ്റ്റി)

തോമസ് ഫിലിപ്പ് വിഴലിൽ (സെക്രട്ടറി)

ജോർജ് തോമസ്, പാണംതോട്ടിൽ പബ്ലിസിറ്റി കൺവീനർ)

എം.വി. എബ്രഹാം പുളിമ്പള്ളിൽ

പി.ജി. കോശി, പുരയ്ക്കൽ

മിക്കുകുര്യൻ, കോലത്ത് വീഴലിൽ

വർഗ്ഗീസ് ജോൺ, മാലിശ്ശേരിൽ

മാത്യു എം. വർഗീസ്, വടക്കേമുണ്ടപറമ്പിൽ

റെജി മാത്യു, കുറുംപള്ളിൽ

രാജൻ കെ. വർഗ്ഗീസ് കടപ്പിലാവിൽ

എ.ജി. മാത്യു, അമ്പാട്ട്

ബാബു ഒ. എസ്. ഓതറ പറമ്പിൽ

തോമസ് ചാക്കോ, മണപ്പുറത്ത്

ജോൺ പി. എം., പുതുക്കേരിൽ

ജിനോൺ സി. വർഗ്ഗീസ്, പാവുമ്കേരിൽ

ഓഡിറ്റേഴ്സ്

ജോർജ് വർഗ്ഗീസ് കാട്ടുപറമ്പിൽ

തോമസ് കാട്ടുപറമ്പിൽ

നന്ദിപൂർവ്വം...

എല്ലാ പ്രീയപ്പെട്ടവരുമെ,

വി. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ നമ്മൾ സമുചിതം കൊണ്ടാടുകയാണല്ലോ പെരുന്നാളിന്റെ ഭാഗമായി ഈ വർഷവും 'നസ്രാണി നാദം' പെരുന്നാൾ സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള പരിശ്രമത്തിലായിരുന്നു. ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുപ്പ് കാരണം ഇതിന്റെ പ്രവർത്തനങ്ങൾക്ക് അൽപ്പം കാലതാമസം നേരിട്ടെങ്കിലും എത്രയും വേഗത്തിൽ പ്രസിദ്ധീകരിക്കാൻ സാധ്യമായതിൽ ദൈവത്തെ സ്തുതിക്കുന്നു. ചുരുങ്ങിയ സമയം കൊണ്ട് വളരെ വേഗത്തിൽ പ്രസിദ്ധീകരിക്കാൻ സഹകരിച്ച എല്ലാവരോടുമുള്ള നന്ദി ഈ അവസരത്തിൽ പ്രത്യേകം അറിയിക്കുന്നു. പെരുന്നാൾ ചടങ്ങുകൾ എല്ലാവരിലേക്കും എത്തിക്കുന്നതിന് ഈ പ്രസിദ്ധീകരണം സഹായകരമാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ആവശ്യമായ ലേഖനങ്ങൾ എഴുതി നൽകിയവരോടും, പരസ്യങ്ങൾ നൽകിയവരോടും, ഏറ്റം ഭംഗിയായി പ്രിന്റിംഗ് ജോലികൾ നിർവ്വഹിച്ച കടപ്ര പാറ്റ് പ്രിന്റേഴ്സിനോടുമുള്ള നന്ദി അറിയിക്കുന്നു.

വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് അനുഗ്രഹം പ്രാപിക്കുന്നതിനും പെരുന്നാൾ ചടങ്ങുകൾക്കെല്ലാം ഭാഗഭാക്കാക്കുന്നതിനും എല്ലാവരുടെയും സാന്നിധ്യ സഹകരണവും ഉണ്ടാകണമെന്നും അറിയിച്ചുകൊണ്ട് ഇതിനായി ചെറുതും വലുതുമായ എല്ലാവരുടെയും സഹായ സഹകരണങ്ങൾ തുടർന്നും പ്രതീക്ഷിച്ചു കൊണ്ട്,

ജോർജ്ജ് തോമസ് പാണംതോട്ടിൽ
പബ്ലിസിറ്റി & സപ്ലിമെന്റ് കൺവീനർ

പാവനസ്മരണയ്ക്ക്...

V.I. Chacko (Pappan Sir) & Achiyamma Chacko (Pennamma)

V.C Varghese (Thankachen)

Inserted by:
V. C. Mathew, V. C. John, Jerrin C. V. & other family members

Anns A/c
CONVENTION CENTRE
KADAPRA, MANNAR

പുതുപുത്തൻ മാറ്റങ്ങളുമായി അത്യാധുനിക സൗകര്യങ്ങളോടുകൂടി... നിങ്ങളുടെ ആഘോഷങ്ങൾ അടിച്ചുപൊളിക്കാം

9961019000, 9495760555

Printed & Published by St. Mary's Orthodox Church, Niranam. Printed at PAT Printers, Kadapra ✆ 8590907399